ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി മേഖലകളാക്കി വിഭജിക്കണമോ എന്നുള്ള കാര്യം ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്.

(ബി) തീരുമാനമായിട്ടില്ല.

(സി) കമ്പനി രൂപീകരിച്ചിട്ടില്ല.

(ഡി) പല വശങ്ങളും ശരിക്ക് ആലോചിച്ചതിനുശേഷം തീരുമാനം എടുത്താൽ മതി എന്നു നിശ്ചയിച്ചതുകൊണ്ട്.

സ്വകാര്യ മേഖലയിൽ ഡിസ്റ്റിലറി

* 465 [495] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യം ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ ഡിസ്റ്റിലറി ആരംഭിക്കാൻ സർക്കാർ കേന്ദ്ര അനുമതിക്കുവേണ്ടി അപേക്ഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വകാര്യ മേഖലയിൽ ഡിസ്റ്റിലറി അനുവദിക്കേണ്ടതില്ലെന്ന മുൻ തീരുമാനം മാറ്റാൻ കാരണമെന്തെന്നു വ്യക്തമാക്കാമോ;

(സി) ഇതിനുവേണ്ടി നിലവിൽ എത്ര അപേക്ഷകരുണ്ട്; പേരു വിവരം വെളിപ്പെടുത്താമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ആരും ഇല്ല.

നൂൽനൂൽപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി

* 466 [496] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഖാദി ഗ്രാമവ്യവസായ ബോർഡിനോടും വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ഖാദി കൂടിൽ വ്യവസായ സഹകരണ സംഘങ്ങളിലേയും നൂൽനൂൽപ്പ് കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടി ഒരു ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഒരു ക്ഷേമനിധി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ, ബി) കേരളത്തിലെ ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിലുള്ള ഒരു ക്ഷേമനിധി പദ്ധതി ഗവൺമെൻറിൻെറ സജീവ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly